(ഡി) കൊടുവള്ളി നിയോജകമണ്ഡലത്തിൽ ഈ വർഷം 111.00 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് അനുമതി നൽകി.

**പ്രാദേശിക ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം**

**121 (8181)** <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പ്രാദേശിക ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, സംഭരണശേഷി വർദ്ധിപ്പിക്കൽ എന്നീ പ്രവൃത്തികൾ ചെയ്യുന്നതിനായി ഈ സർക്കാർ 1-7-2011 മുതൽ 31-3-2014 വരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; എത്ര തുക വിനിയോഗിച്ചു ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) 2012-13, 2013-14 വർഷങ്ങളിൽ എത്ര കുളങ്ങൾ പുനരുദ്ധരിച്ചു ; ജില്ലാടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കുമോ ;

(സി) മേൽ കാലയളവിൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം കുളങ്ങൾ ആണ് പുനരുദ്ധരിച്ചത് ; എത്ര തുക അനുവദിച്ചു ; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) പ്രാദേശിക ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, സംഭരണശേഷി വർദ്ധിപ്പിക്കൽ എന്നീ പ്രവൃത്തികൾ ചെയ്യുന്നതിനായി 1-7-2011 മുതൽ 31-3-2014 വരെ 689 കുളങ്ങൾ പുനരുദ്ധരിക്കുന്നതിന് 146.23 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദവിവരം അനുബന്ധം I* ആയി ചേർക്കുന്നു.

(ബി) വിശദ വിവരം അനുബന്ധം II ആയി ചേർക്കുന്നു.*

(സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ പൂർത്തീകരിച്ച കുളങ്ങളുടെ പേരും അനുവദിച്ച തുകയും ചുവടെ ചേർക്കുന്നു:

<u>2012-13</u>

വലിയ കുളം - 41.00 ലക്ഷം രൂപ

വേലിക്കുളം - 14.80 ,,

<u>2013-14</u>

ചവിട്ടില്ലക്കുളം - 14.70 ,,

മുല്ലക്കുളം - 10.00 ,,

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly